"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ. ഷഫീഖ് കോയമ്പുറവൻ, ക്ലർക്ക്, സർക്കാർ പോളിടെക്നിക് കോളേജ് കാസറഗോഡ് എന്നവരുടെ കുടുംബശ്രീ മലപ്പുറം ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2173/2024/LSGD തീയതി,തിരുവനന്തപുരം, 12-11-2024

പരാമർശം:-

1. 10/05/2018 തിയതിയിലെ 42/2023/ധന നമ്പർ സർക്കുലർ
2. 28/11/2013 തിയതിയിലെ സ.ഉ (പി) നം. 580/2023/ധന
3. 06/10/2022 തിയതിയിലെ സ.ഉ. (സാധാ) നം 2418/2022/തസ്വഭവ
4. 28/11/2023 തീയതിയിലെ സ.ഉ.(സാധാ) നം. 2346/2023/തസ്വഭവ
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07/10/2024 തീയതിയിലെ 2323/E1/2024/KSHO നമ്പർ കത്ത്.
6. 08/11/2024 തീയതിയിലെ I/6419026/2024 നമ്പർ ഉത്തരവ്

**ഉത്തരവ്**

ശ്രീ. ഷഫിഖ് കോയമ്പുറവൻ, ക്ലർക്ക്, സർക്കാർ പോളിടെക്നിക് കോളേജ്, കാസറഗോഡ് എന്നവരെ പരാമർശം (3) പ്രകാരം കുടുംബശ്രീ മലപ്പുറം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ 01/11/2022 മുതൽ ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (4) പ്രകാരം ആയത് 01/11/2023 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 31/10/2024-ൽ അവസാനിക്കുന്നതായും 01/11/2024 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ച നൽകണമെന്നും പരാമർശം (5) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ ഷഫീഖ് കോയമ്പുറവൻ, ക്ലർക്ക്, സർക്കാർ പോളിടെക്നിക് കോളേജ്, കാസറഗോഡ് എന്നവരുടെ കുടുംബശ്രീ മലപ്പുറം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവീസ് റൂൾസ് ഭാഗം - I ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 01/11/2024 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ടും പരാമർശം (6) റദ്ദ് ചെയ്തു കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീ. ഷഫിഖ് കോയമ്പുറവൻ, ക്ലർക്ക്, സർക്കാർ പോളിടെക്നിക് കോളേജ്, കാസറഗോഡ് (ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം മുഖേന)





Generated from eOffice by PRATHAPKUMAR, ASO-IA1- LSGD, ASO-IA1-LSGD, LSGD on 01/01/2025 05:12 PM

ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ട്സ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&.ആർ.എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഐഎ1/319/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ